# കേരള സർവകലാശാല

നം. പി.ആർ.050/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ പാർട്ട് മൂന്ന് സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2016 ഒക്ടോബർ/നവംബറിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് (മെയിൻ & സബ്സിഡിയറി) സപ്ലിമെന്ററി പരീക്ഷയുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 13 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 20) വരെ ഫീസടച്ച് അപേക്ഷിക്കാം. കഴിഞ്ഞ പരീക്ഷക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ളവർ തുടർന്നും ഓൺലൈനായി അപേക്ഷിക്കണം.

### ബി.എ(ആന്വൽ സ്കീം) പുന:പരിശോധന തീയതി നീട്ടി.

കേരള സർവകലാശാല 2016 ഡിസംബറിൽ പ്രസിദ്ധീകരിച്ച രണ്ടാം വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷയുടെ പുന:പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് പത്ത് വരെ നീട്ടി.

### പി.ജി ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ്

കേരള സർവകലാശാല മാർച്ചിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബയോ മെഡിക്കൽ സയൻസസ് (പി.ജി.ഡി.ബി.എസ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഹയർ എജ്യുക്കേഷൻ സർവ്വേ അപ്‌ലോഡ് ചെയ്യണം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളും യു.ഐ.ടി/ബി.എഡ് സെന്ററുകളും മാർച്ച് 20-ന് മുമ്പായി ഹയർ എജ്യുക്കേഷൻ സർവ്വേ പൂർത്തീകരിച്ച് (www.aishe.gov.in) എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് നോഡൽ ഓഫീസർ ഡോ.മനോജ് ചാക്കോയുമായി ബന്ധപ്പെടുക. ഫോൺ: 9447310097

### മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2016 ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് പ്രീവിയസ്, ഫൈനൽ (റഗുലർ/ റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ മാർച്ച് 9, 10 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ ഹാൾടിക്കറ്റും, ഡിഗ്രി കോപ്പിയും സഹിതം വന്ന് കൈപ്പറ്റണം. പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി മാർച്ച് 15.

### ബി.എ ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ (2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ

(www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് ഓൺലൈനായി മാർച്ച് 25 വരെ അപേക്ഷിക്കാം.

## ബി.കോം (ആന്വൽ സ്കീം) സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ അവസാന വർഷ ബി.കോം (ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ എട്ട് വരെ അപേ ക്ഷിക്കാം. സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 21 (50 രൂപ പിഴയോടെ മാർച്ച് 23, 250 രൂപ പിഴയോടെ മാർച്ച് 25) വരെ അപേക്ഷിക്കാം.

## അന്താരാഷ്ട്ര വനിതാദിനം

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കേരള സർവകലാശാലയിലെ വനിതാ ക്ലബ്, വനിതാ ഫോറം, ഇന്റേർണൽ കംപ്ലയിൻസ് കമ്മിറ്റി എന്നിവ സംയുക്തമായി കേരളത്തിലെ സ്ത്രീകളും സമകാലിക വിഷയങ്ങളും എന്ന വിഷയത്തിൽ നടത്തുന്ന സെമിനാർ മാർച്ച് എട്ട് രാവിലെ 10 മണിക്ക് പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
07.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**